"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരായ ഡോ മഞ്ജു പി എസ്, ഡോ സുനിത ആർ റ്റി എന്നിവരുടെ തിരുവനന്തപുരം ആയുർവേദ കോളേജിലെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.27/2024/AYUSH തീയതി,തിരുവനന്തപുരം, 29-01-2024

---

പരാമർശം:-

1. 27.01.2022 ലെ സ.ഉ (സാധ) നം 35/2022/ആയുഷ്
2. 09.01.2023 ലെ സ.ഉ (സാധ) നം. 15/2023/ആയുഷ്
3. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 18.01.2024 ലെ ഇ1/656/2021/ഡിഎ എം ഇ നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം തിരുവനന്തപുരം ആയുർവേദ കോളേജിൽ അന്യത്രസേവന വ്യവസ്ഥയിൽ അസോസിയേറ്റ് പ്രൊഫസർമായി നിയമനം ലഭിച്ച ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർമായ ഡോ മഞ്ജു പി എസ്, ഡോ സുനിത ആർ റ്റി എന്നിവയുടെ അന്യത്രസേവന കാലാവധി പരാമർശം (2) പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുനൽകിയിരുന്നു. ടി കാലാവധി യഥാക്രമം 31.01.2024, 27.01.2024 എന്നീ തീയതികളിൽ അവസാനിക്കുകയാണെന്നും, ഈ അക്കാദമിക് വർഷത്തിലും അദ്ധ്യാപകരുടെ ക്ഷാമം പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത മെഡിക്കൽ ഡോക്ടർമാരുടെ സേവനം ഒരു വർഷത്തേക്കു കൂടി ദീർഘിച്ചു നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർമായ ഡോ മഞ്ജു പി എസ്- ന് തിരുവനന്തപുരം ആയുർവേദ കോളേജ് പഞ്ചകർമ്മ വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനം 01.02.2024 മുതലും, ഡോ സുനിത ആർ റ്റിയ്ക്ക് തിരുവനന്തപുരം ആയുർവേദ കോളേജ് ദ്രവ്യഗുണ വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനം 28.01.2024 മുതലും, നിലവിലെ അന്യത്രസേവനം സംബന്ധിച്ച നിബന്ധകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAMEER KUMAR O J

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ. ആയുർവേദ കോളേജ്, തിരുവനന്തപുരം

ഡോ മഞ്ജു പി എസ് /ഡോ സുനിത ആർ റ്റി (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വെബ് & മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Baiju G

സെക്ഷൻ ഓഫീസർ

Date: 29-01-2024 14:27:12

പകർപ്പ് - ബഹു. ആയുഷ് വകുപ്പ് മന്ത്രിയുടെ പി എസിന്